എ. പണിയായുധങ്ങൾ

ബി. ഹാൻഡ് പമ്പുകൾ

2. മാലിത്തറ ഫൗണ്ടറി ആന്റ് എഞ്ചിനീയറിംഗ് വർക്സ് കിടങ്ങറ, ചങ്ങനാശ്ശേരി.

പെട്ടിയും പറയും.

3. സ്റ്റാർലിറ്റ് ഗ്രൂപ്പ്, തിരുവനന്തപുരം. പണിയായുധങ്ങൾ

(ഡി) കൂടുതൽ യന്ത്രങ്ങൾ നിർമ്മിക്കുവാൻ കേരളാ ആഗ്രോ മെഷിനറി കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

104 (1836) കാർഷിക ലോൺ

<u>ശ്രീമതി റോസമ്മ ചാക്കോ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷിക്കാർക്ക് നൽകിയ കാർഷികലോൺ എഴുതിത്തള്ളുകയുണ്ടായോ;

(ബി) എങ്കിൽ എത്ര കോടി രൂപ എഴുതിത്തള്ളി;

(സി) ഇതിന്റെ മാനദണ്ഡം എന്തായിരുന്നു;

(ഡി) കാർഷികലോൺ എഴുതിത്തള്ളുന്നതിനു വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചു; എത്രയെണ്ണം നിരസിച്ചു;

(ഇ) എഴുതിത്തള്ളിയ കാർഷികലോണുകളുടെ എണ്ണം ജില്ല തിരിച്ചു വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എഴുതി തള്ളിയിട്ടുണ്ട്.

(ബി) 57,47,68,952.99 രൂപ എഴുതിത്തള്ളി

(സി) റബ്ബർ പ്ലാന്റേഷൻ പദ്ധതിപ്രകാരം എടുത്തിരുന്ന യാതൊരു സ്ഥാവരജംഗമവസ്തുക്കളും ഇല്ലാത്ത അഞ്ചു പേരുടെ വായ്പതുക ജില്ലാ കളക്ടർമാരുടെ അറിയിപ്പുകളുടെ അടിസ്ഥാനത്തിൽ എഴുതിത്തള്ളി. കുട്ടനാട് വികസന പദ്ധതിയിലും തൃശ്ശൂർ കോൾ വികസന പദ്ധതിയിലും ഉൾപ്പെട്ട മുഴുവൻ കർഷകരേയും അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാക്കി. മണ്ണുസംരക്ഷണപ്രവർത്തനങ്ങൾക്കായി 'കേരള ലാന്റ് ഡവലപ്പ്മെന്റ് ആക്ട്' പ്രകാരം 1964-65 കാലഘട്ടം മുതൽ 'ലോൺ' ആയി നൽകിയ 75% തുക (ബാക്കി 25% സബ്സിഡി) എത്രയൊക്കെ ശ്രമിച്ചിട്ടും തിരിച്ചു പിടിക്കാൻ കഴിയാത്ത സഹാചര്യത്തിൽ സർക്കാരിന്റെ പതിനഞ്ചിനപരിപാടിയിലൂടെ കിട്ടാക്കടമായി കരുതി എഴുതിത്തള്ളി.

(സി) ആന്റ് (ഡി) റബ്ബർ പ്ലാന്റേഷൻ പദ്ധതിപ്രകാരം വായ്പ എഴുതിത്തള്ളുന്നതിൽ 5 അപേക്ഷകൾ ലഭിച്ചതിൽ ആലപ്പുഴ ജില്ലയിൽ ഒന്നും തൃശ്ശൂർ ജില്ലയിൽ നാലും അപേക്ഷകൾ അനുവദിച്ച് ഉത്തരവായി. കുട്ടനാട് വികസന പദ്ധതിയിലും തൃശ്ശൂർ കോൾ വികസന പദ്ധതിയിലും ഉൾപ്പെട്ട മുഴുവൻ കർഷകരേയും അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം ജില്ലകളിലായി കുട്ടനാട് വികസന പദ്ധതിയുടെ 22990-ഉം

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ കോൾവികസന പദ്ധതിയുടെ 42750 ഗുണഭോക്താക്കളേയും കടബാധ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾക്കായി നൽകിയ വായ്പ എഴുതിതള്ളുന്നതിന് ഒറ്റയ്ക്കായിട്ടും കൂട്ടായിട്ടും ഗുണഭോക്താക്കൾ അപേക്ഷിച്ചിരുന്നു. എഴുതിത്തള്ളിയ അപേക്ഷകരുടെ എണ്ണം പ്രത്യേകം തിട്ടപ്പെടുത്തിയിട്ടില്ല.

105 (1837) പച്ചക്കറികളുടെ വില വർദ്ധനവ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. മുരളി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ;
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ മഴക്കാലത്ത് പച്ചക്കറികളുടെ വില വർദ്ധിക്കാതിരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു;

(ബി) ഇതിന്റെ പ്രയോജനം എത്ര പേർക്ക് ലഭിച്ചതായി കണക്കാക്കിയിട്ടുണ്ട്;

(സി) ബാക്കിയുള്ളവർക്ക് വില വർദ്ധനവിൽ നിന്നും ആശ്വാസം ലഭിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഗവൺമെന്റ് ആഭിമുഖ്യത്തിൽ പച്ചക്കറികൾ വിൽപ്പനക്കായി എത്ര പേർക്ക് സപ്ലൈ ചെയ്യുന്നുണ്ട്;

(ഇ) ഇവരിൽ നിന്നും പച്ചക്കറി വാങ്ങുന്നവർക്ക് മെമ്പർഷിപ്പ് കാർഡ് നൽകാനും കാർഡുള്ളവർക്ക് കൂടുതൽ വില കുറച്ചു പച്ചക്കറി നൽകാനും നടപടിയെടുക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഓരോ ബ്ലോക്കിലും ഒന്ന് എന്ന പ്രകാരം പച്ചക്കറി വിപണന കേന്ദ്രങ്ങൾ മുഖേന, ഹരിത സംഘങ്ങൾ ഉല്പാദിപ്പിച്ച പച്ചക്കറി മിതമായ വിലയ്ക്ക് വിതരണം ചെയ്തു. ഹോർട്ടികോർപ്പിന്റെ വിതരണ കേന്ദ്രങ്ങളിൽ കൂടിയും മിതമായ വിലയ്ക്ക് പച്ചക്കറി വിതരണം ചെയ്തു.

(ബി) എത്ര പേർക്ക് പ്രയോജനം ലഭിച്ചുവെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(സി) സംസ്ഥാനത്തെ പച്ചക്കറിയുടെ കാര്യത്തിൽ സ്വയം പര്യാപ്തമാക്കുന്നതിലൂടെ ന്യായവിലയ്ക്ക് ഉപഭോക്താവിന് പച്ചക്കറി ലഭ്യമാക്കുകയാണ്. ഊർജ്ജിത പച്ചക്കറി വികസന പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ രണ്ടുവർഷത്തെ പ്രവർത്തനം കൊണ്ട് പച്ചക്കറിയുടെ വിലയിൽ കുറവുണ്ടായിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഊർജ്ജിത പച്ചക്കറി വികസന പദ്ധതി പ്രകാരം ഹരിത സംഘങ്ങൾ വഴി ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ ബ്ലോക്കു തലത്തിൽ ഉള്ള ഓരോ വിപണന കേന്ദ്രങ്ങൾ വഴിയാണ് വിപണനം ചെയ്യുന്നത്. കൂടാതെ ഹോർട്ടികോർപ്പിന്റെ ഹരിതസ്റ്റാളുകൾ വഴിയും വിപണനം നടത്തുന്നു.

(ഇ) തൽക്കാലം പരിഗണനാർഹമല്ല.

LIBRARY ARCHIVES Kerala Legislative Assembly